പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2665** 18.08.2017- ൽ മറുപടിക്ക്

## തിരുവനന്തപുരത്തെ റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കെ.ആർ.എഫ്.ബി. മുഖേന നിർമ്മിച്ച് പരിപാലിക്കപ്പെടുന്ന നഗരത്തിലെ പ്രധാന റോഡായ എം.ജി.റോഡിൽ സെക്രട്ടേറിയറ്റിനു മുൻവശം മുതൽ സ്പെൻസർ ജംഗ്ഷൻ വരെ പലയിടങ്ങളിലും റോഡിൽ കേബിളിടുന്നതിനായി എടുത്ത കുഴി റീടാർ ചെയ്തത് തകർന്ന നിലയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. റിലയൻസ് ജിയോ കമ്പനിയുടെ കേബിളുകൾ ഇടുന്നതിനായി കുഴിച്ച കുഴികളിൽ അവർ തന്നെ താത്ക്കാലിക പരിഹാരമായി ചെയ്ത റിപ്പയർ വർക്കാണ് എം.ജി റോഡിൽ സെക്രട്ടേറിയറ്റിനു മുൻവശം മുതൽ സ്പെൻസർ ജംഗ്ഷൻ വരെ ചിലയിടങ്ങളിൽ ഇളകിപ്പോയിരിക്കുന്നത്. ഈ കുഴികൾ റിപ്പയർ ചെയ്യുന്നതിനായി റിലയൻസ് ജിയോ കമ്പനി റോഡ് ഫണ്ട് ബോർഡിൽ അടച്ച തുക ഉപയോഗിച്ച് ഈ കുഴികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായുള്ള വർക്ക് ഓർഡർ കൺസഷണർ കമ്പനിയായ ടി.ആർ.ഡി.സി.എൽ-ന് നൽകിയിട്ടുണ്ട്. |
| (ബി) വാൻറോസ് ജംഗ്ഷനിൽ റോഡിൽ ഒരു കുഴി രൂപപ്പെട്ടത് കാരണം നിരവധി അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | വാൻറോസ് ജംഗ്ഷനു സമീപം വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് പൊട്ടൽ പരിഹരിക്കുന്നതിനായി എടുത്ത കുഴി താല്ക്കാലികമായി റിപ്പയർ ചെയ്തിട്ടുണ്ട്. ഇവിടെ നിന്നും ഇടയ്ക്കിടെ ചോർച്ച അനുഭവപ്പെടുന്നതിനാൽ പൂർണ്ണ തോതിലുള്ള അറ്റകുറ്റപ്പണികൾ നടത്താൻ സാധിച്ചിട്ടില്ല. ഈ കുഴി നികത്തുവാനും അറ്റകുറ്റപ്പണികൾ നടത്തുവാനും ഉള്ള വർക്ക് ഓർഡർ കൺസഷണർ കമ്പനിയായ ടി.ആർ.ഡി.സി.എൽ-ന് നൽകിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും നടത്തുവാനുള്ള വർക്ക് ഓർഡറുകൾ |
| (സി) പ്രസ്തുത റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | | |

പ്രകാരം പണികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള കർശന നിർദ്ദേശം കൺസ്ട്രക്ഷൻ കമ്പനിയായ ടി.ആർ.ഡി.സി.എൽ-ന് കേരള റോഡ് ഫണ്ട് ബോർഡ് നൽകിയിട്ടുണ്ട്.

(ഡി) കെ.ആർ.എഫ്.ബി മുഖേന പരിപാലിക്കേണ്ട റോഡുകളുടെ പരിപാലനം യഥാവിധി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി) റോഡുകളുടെ പരിപാലനം യഥാവിധി പരിശോധിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പരിപാലനം നടത്താൻ തടസ്സം ഉണ്ടാക്കുന്നത് ചില സർക്കാർ വകുപ്പുകളും റിലയൻസുമാണ്. റിലയൻസിന്റെ പ്രവർത്തകർ സർവ്വ നിയമങ്ങളും ലംഘിച്ച് അർദ്ധരാത്രിയിൽ ആരും അറിയാതെ റോഡ് വെട്ടിപ്പൊളിക്കുന്ന നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുകാരണം ഇപ്പോൾ റിലയൻസിന്റെ എറണാകുളത്തെ പണികൾ നിർത്തി വെച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ